## പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4487** **21.03.2018-ൽ മറുപടിയ്ക്ക്**

## മാലിന്യം ഒഴുക്കുന്നത് തടയാൻ നടപടി

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ആലപ്പുഴ-ചങ്ങനാശേരി റോഡിലും മറ്റ് ഇടറോഡുകളിലും പാടശേഖരങ്ങളിലും ആറുകളിലും തോടുകളിലും കക്കൂസ് മാലിന്യം വ്യാപകമായി ഒഴുക്കുന്നതിന് എതിരെ എടുത്ത തീരുമാനം വ്യക്തമാക്കുമോ? | എ) | 2018 ഫെബ്രുവരി മാസം ചെമ്പുംപുറം പണ്ടാരക്കുളം പ്രദേശത്ത് ഒരു ടാങ്കർ രീതിയിലുള്ള വാഹനത്തിൽ നിന്നും കക്കൂസ് മാലിന്യം ഒഴുക്കിയതായി നാട്ടുകാർ ആരോഗ്യ വകുപ്പിന് സൂചന നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെമ്പുംപുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർ ഉടനടി സ്ഥലം സന്ദർശിക്കുകയും കോളറ, മഞ്ഞപിത്തം പോലുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുവാൻ ഇത് ഇടയാക്കും എന്നുള്ളതിനാൽ, വാഹനവും മാലിന്യം പുറംതള്ളിയ വാഹനത്തിലെ വ്യക്തികളെയും പൊതുജനങ്ങളുടെ സഹായത്തോടെ നെടുമുടി പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും പ്രതികളെ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതിൽ നിന്ന് പകർച്ചവ്യാധികൾ പടരാതിരിക്കുന്നതിനുള്ള എല്ലാ പ്രതിരോധ നടപടികളും ടി പ്രദേശത്ത് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനായി നിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ